(സി) ഇവർക്ക് എത്രയും വേഗം പട്ടയം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ കോളനിയിലെ താമസക്കാരായ 100 മത്സ്യത്തൊഴിലാളികളിൽ 78 പേർക്ക് വസ്തുവിൽ ഉടമസ്ഥാവകാശമുണ്ട്. ഇതിൽ 62 പേർ വസ്തു സ്വന്തം പേരിൽ കൂട്ടി കരമടച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഫിഷറീസ് വകുപ്പിലെ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ നടപടി

92 [2812] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ൽ ആവിഷ്ക്കരിച്ച സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ സർവീസ് ചട്ടങ്ങൾ പൂർണമായും കാലഹരണപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സ്യമേഖലയിൽ ഉണ്ടായിട്ടുള്ള വികസനത്തിനും സാങ്കേതിക ആവശ്യകതകൾക്കും അനുസൃതമായി ഫിഷറീസ് വകുപ്പിലെ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതു സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാലഹരണപ്പെട്ടവയല്ല.

(ബി ആന്റ് സി) ബാധകമല്ല.

ഫിഷറീസ് വകുപ്പിലെ എസ്. എൽ. ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തിയതായുള്ള ഉത്തരവ്

93 [2813] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ ജോലി ചെയ്തിരുന്ന 27 എസ്.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടും, ഇവരുടെ സേവന വേതന വ്യവസ്ഥകളും, പി.എഫും ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ കാലതാമസം നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ കാല താമസം നേരിടുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) സ്ഥിരപ്പെടുത്തിയ എസ്.എൽ.ആർ. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും, പി.എഫും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) 31-3-2001-ലെ ജി.ഒ(എം. എസ്) നമ്പർ 16/2001/മത്സ്യ പ്രകാരം ഫിഷറീസ് വകുപ്പിലെ 27 എസ്.എൽ.ആർ. ജീവനക്കാരെ സ്ഥിരം തൊഴിലാളി കളായി അംഗീകരിച്ച് പെൻഷനും, പി.എഫും ഏർപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവിൽ അവ്യക്തത ഉള്ളതിനാൽ സേവന വേതന വ്യവസ്ഥകളും പി. എഫും സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

മത്സ്യത്തൊഴിലാളികൾക്ക് ദേശീയ സമ്പാദ്യ ആശ്വാസ പദ്ധതി

94 [2814] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ ആശ്വാസ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വില്ലേജുകളിലായി എത്ര മത്സ്യത്തൊഴിലാളികൾ ഗുണഭോക്താക്കളായി ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) സ്ത്രീ മത്സ്യത്തൊഴിലാളികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(സി) എങ്കിൽ ആകെ എത്ര സ്ത്രീ തൊഴിലാളികൾ അംഗങ്ങളായെന്ന് വ്യക്ത മാക്കാമോ?

ഉത്തരം

(എ) 222 മത്സ്യ ഗ്രാമങ്ങളിലായി 110484 കടലോര മത്സ്യത്തൊഴിലാളികളും 111 മത്സ്യഗ്രാമങ്ങളിലായി 7147 ഉൾനാടൻ മത്സ്യത്തൊഴിലാളികളുമുണ്ട്.

(ബി) ഉണ്ട്.

(സി) 19086.

LIBRARY ARCHIVES Kerala Legislative Assembly